(സി) കമ്പനിയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മെച്ചപ്പെട്ട ഉല്പാദന മാനേജ്മെന്റ്
2. ഉയർന്ന വിഭവക്ഷമതയും, ഉല്പാദന ക്ഷമതയും ഉറപ്പുവരുത്തിയുള്ള ചെലവ് ചുരുക്കൽ പ്രക്രിയ.
3. മെച്ചപ്പെട്ട വിപണനതന്ത്രം വില നിർണ്ണയത്തിലെ സന്നദ്ധ പ്രതികരണ രീതികളും

എന്നാൽ വിപണിയിൽ ശരിയായ വിപണന തന്ത്രങ്ങൾ സ്വീകരിക്കുവാൻ കമ്പനിയുടെ ഉയർന്ന ഉല്പാദന ചെലവും മറ്റ് കാരണങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. വിപണിയിൽ അതിരൂക്ഷമായ വിലയിടിവ് നേരിടേണ്ടി വന്നതിനാലും കമ്പനിയുടെ ഉല്പന്നത്തിന്റെ വിൽപ്പനയിൽ ഇടിവ് സംഭവിച്ചതിനാലും കമ്പനി ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രസ്തുത കാരണത്താൽ ഉല്പാദനം കുറയ്ക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഉല്പാദനത്തിലെ വൈവിദ്ധ്യവത്ക്കരണം, പ്ലാന്റിന്റെ ആധുനികവത്ക്കരണം നടപ്പിലാക്കി ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുക എന്നീ പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി ഉല്പാദനവും, വിപണനവും കൂടുതൽ ഫലപ്രദമാക്കി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടാവൻകൂർ ടൈറ്റാനിയത്തിലെ ക്രമക്കേടുകൾ

247 (2485) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാവൻകൂർ ടൈറ്റാനിയത്തിൽ ജോലി ചെയ്യാതെ കോൺട്രാക്ട് സൈറ്റിൽ ജോലി ചെയ്തതായി തെറ്റായി കാണിച്ച് ഇ.എസ്.ഐ., പി.എഫ്. അടച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(സി) ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയത് എന്നും അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുറ്റക്കാരായവരുടെ പേരുവിവരവും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ഇ) ഈ ക്രമക്കേടിൽ ഏതെങ്കിലും സംഘടനാ ഭാരവാഹികൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണെന്നും ഏത് സംഘടനയുടെ ഭാരവാഹിയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസിൽ ജോലി ചെയ്യാതെ കോൺട്രാക്ട് സൈറ്റിൽ ജോലി ചെയ്തതായി തെറ്റായി കാണിച്ച് ഇ.എസ്.ഐ, പി.എഫ്. അടച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) ബാധകമല്ല.

ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തിക

248 (2486) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റിനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തികകളുടെ എണ്ണം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര ഓഫീസർമാരാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് എക്സിക്യൂട്ടീവ് ട്രെയിനികളെ റിക്രൂട്ട് ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എത്ര പേരെ റിക്രൂട്ട് ചെയ്യുവെന്നും റിക്രൂട്ട് ചെയ്യാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) എക്സിക്യൂട്ടീവ് ട്രെയിനികൾക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അംഗീകരിക്കപ്പെട്ട ഓഫീസർ തസ്തികകളുടെ എണ്ണം 126 ആണ്.

(ബി) നിലവിൽ 106 (നീണ്ട അവധി/ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) പേരാണ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly